സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം

9 (*159) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതെങ്കിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തടഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രവേശനം തടഞ്ഞത് എന്ന് പറയാമോ ;

(സി) സംസ്ഥാനത്ത് സഹകരണ മേഖലയിലുള്ള മെഡിക്കൽ കോളേജുകളെ സ്വാശ്രയ മെഡിക്കൽ കോളേജിന്റെ ഗണത്തിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ & ബി) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ 31-3-2003-ലെ കത്തുപ്രകാരം താഴെ പറയുന്ന അഞ്ച് മെഡിക്കൽ കോളേജുകളിൽ ഇന്ത്യാ ഗവൺമെന്റിന്റെ ലറ്റർ ഓഫ് പെർമിഷൻ ലഭിച്ചതിനുശേഷം മാത്രമേ 2003-04 അദ്ധ്യയന വർഷത്തേക്ക് പ്രവേശനം നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(i) സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി.

(ii) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊച്ചി.

(iii) മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്, മെഡിക്കൽ മിഷൻ, കോലഞ്ചേരി.

(iv) പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തിരുവല്ല.

(v) സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം.

എന്നാൽ അതിനുശേഷം 20-5-2003-ലെ ഇന്ത്യാഗവൺമെന്റിന്റെ കത്തു പ്രകാരം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ 2003-04 അദ്ധ്യയന വർഷത്തിൽ രണ്ടാം ബാച്ചിൽ 100 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം നൽകാൻ അനുവാദം നൽകി. മേൽപ്പറഞ്ഞ മെഡിക്കൽ കോളേജുകളിൽ 2002-03 അദ്ധ്യയന വർഷത്തേക്കുമാത്രം പ്രവേശനം നടത്തുന്നതിനാണ് ലറ്റർ ഓഫ് പെർമിഷൻ നൽകിയിരുന്നത്. പ്രോജക്ട് റിപ്പോർട്ടിൻപ്രകാരമുള്ള വാർഷിക ടാർജറ്റ് പ്രാപ്യമാകുന്നതുവരെ എല്ലാ വർഷവും ലറ്റർ ഓഫ് പെർമിഷൻ പുതുക്കേണ്ടതാണെന്നും വിശദമാക്കിയിരുന്നു. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

മാനദണ്ഡങ്ങൾ പ്രകാരം മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും വിസകനം പൂർത്തിയാകുന്നതുവരെ വാർഷിക പുനഃപരിശോധന തുടരുമെന്നും ഇന്ത്യാ ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

(സി & ഡി) ഉണ്ട്.

സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന ഡെങ്കിപ്പനി

10 (*160) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന ഡെങ്കിപ്പനി എന്ന വൈറസ് രോഗം തടയുന്നതിനും ഫലപ്രദമായി പ്രതിരോധിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഡെങ്കിപ്പനി മൂലം സംസ്ഥാനത്തെ ആശുപത്രികളിൽ ഈ വർഷം എത്ര പേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം ജില്ലകളിലാണെന്ന് പറയാമോ ;

(സി) പ്രസ്തുത രോഗം ബാധിച്ച് മരിച്ചവർ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഡെങ്കിപ്പനി ബാധിച്ച് മരിച്ച നിർദ്ധനരായവരുടെ ആശ്രിതർക്ക് വേണ്ട സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) രോഗം വന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചവർക്ക് മെച്ചപ്പെട്ടതും സൗജന്യവുമായ വിദഗ്ധ ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ആരോഗ്യവകുപ്പ് നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചും കൊതുകു നിർമ്മാർജ്ജനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഡെങ്കിപ്പനി പരത്തുന്നത് കൊതുകുകളായതിനാൽ കൊതുകു നിർമ്മാർജ്ജനം ജന പങ്കാളിത്തത്തോടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജില്ല-ബ്ലോക്ക്, പഞ്ചായത്ത്-വാർഡ് തലത്തിലുള്ള കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ കൊതുക് വളരാൻ സാദ്ധ്യതയുള്ള സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്യുന്നു. രോഗബാധ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ തുടർച്ചയായി ഫോഗിംഗ് നടത്തുന്നു. രോഗബാധ സംശയിക്കുന്നവരുടെ രക്തസാമ്പിൾ പരിശോധിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസ്സുകൾ വഴി കൊതുക് നിർമ്മാർജ്ജനം ഒരു ജനകീയ പരിപാടിയാക്കി മാറ്റുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly